# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 20.06.2026**

## പ്രധാനവാർത്തകൾ

1. പിഎം കിസാൻ സമ്മാൻ നിധി 23-ാമത് ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പശ്ചിമ ബംഗാളിൽ നിർവ്വഹിക്കും.
2. സംസ്ഥാനത്ത് പകർച്ചവ്യാധി വ്യാപനം നിയന്ത്രണവിധേയമെന്ന് ആരോഗ്യമന്ത്രി കെ.മുരളീധരൻ ; എബോള രോഗബാധ സംശയത്തെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ നിരീക്ഷണത്തിലായിരുന്ന വ്യക്തിയുടെ പരിശോധനാഫലം നെഗറ്റീവ്.
3. രാജ്യത്ത് അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ പുരോഗമിക്കുന്നു ; മധ്യപ്രദേശിൽ രാഷ്ട്രപതിയും കൊൽക്കത്തയിൽ പ്രധാനമന്ത്രിയും നാളെ ദിനാചരണ പരിപാടികളിൽ പങ്കെടുക്കും
4. നീറ്റ് യുജി പുനഃപരീക്ഷ നാളെ ; പരീക്ഷയുടെ സുതാര്യത ഉറപ്പാക്കാൻ കർശന സുരക്ഷാ ഏർപ്പെടുത്തി എൻടിഎ.
5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ; വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6. ലോകകപ്പ് ഫുട്ബോളിൽ ഏറ്റവും വേഗതയേറിയ ഗോളുമായി മൊറോക്കോക്ക് ആദ്യ ജയം; ഏകപക്ഷീയമായ മൂന്നു ഗോളുകൾക്ക് ഹെയ്ത്തിയെ പരാജയപ്പെടുത്തി ബ്രസീൽ.

RNU TVPM

## പ്രധാനമന്ത്രി - പശ്ചിമബംഗാൾ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഒഡീഷ, പശ്ചിമ ബംഗാൾ സന്ദർശനത്തിന് ഇന്ന് തുടക്കം. ഒഡീഷയിൽ, രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ 68-ാം ജന്മദിനത്തിൽ, രാഷ്ട്രപതിയോടൊപ്പം വിവിധ പരിപാടികളിൽ പ്രധാനമന്ത്രി പങ്കെടുക്കും. തുടർന്ന് പശ്ചിമ ബംഗാൾ ദിനാഘോഷങ്ങളിലും പ്രധാനമന്ത്രി ഇന്ന് സംബന്ധിക്കും.

## പിഎം കിസാൻ സമ്മാൻ നിധി

പിഎം കിസാൻ സമ്മാൻ നിധി 23-ാമത് ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നിർവ്വഹിക്കും. പശ്ചിമ ബംഗാളിലെ താരകേശ്വറിൽ നടക്കുന്ന ദേശീയ തല പരിപാടിയുടെ തത്സമയ സംപ്രേഷണവും ഉണ്ടായിരിക്കും. ഇതിൻറെ ഭാഗമായി തിരുവനന്തപുരം ശ്രീകാര്യം കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

## ആരോഗ്യമന്ത്രി (ഇൻട്രോ)

എബോള രോഗബാധ സംശയത്തെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രത്യേക നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന സൗത്ത് സുഡാനിൽ നിന്നെത്തിയ 54 കാരിയുടെ അന്തിമ പരിശോധനാഫലം നെഗറ്റീവ്. പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എബോള ബാധയില്ലെന്ന് ആരോഗ്യവകുപ്പ് സ്ഥിരീകരിച്ചത്. സംസ്ഥാനത്ത് പകർച്ചവ്യാധി വ്യാപനം നിയന്ത്രണവിധേയം ആണെന്നും നിലവിൽ ആശങ്കപെടേണ്ട

RNU TVPM

സാഹചര്യമില്ലെന്നും ആരോഗ്യമന്ത്രി കെ.മുരളീധരൻ അറിയിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. (വോയിസ്.....)

**********************************************

## നിപ

നിപരോഗിയുടെ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന മൂന്ന് പേരെയും ഡിസ്ചാർജ് ചെയ്തു. ഇതോടെ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട എല്ലാവരും ആശുപത്രി വിട്ടു. നിപ ബാധിച്ച രോഗി കോഴിക്കോട് മെഡിക്കൽ കോളേജിൽ വെൻറിലേറ്ററിൽ ചികിത്സ തുടരുന്നു.

**********************************************

## ഷിഗെല്ല

സംസ്ഥാനത്ത് ഇന്നലെ 10 ഷിഗെല്ല രോഗബാധ കൂടി റിപ്പോർട്ട് ചെയ്തു. കോഴിക്കോട്, തിരുവനന്തപുരം, തൃശൂർ, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിലാണ് രോഗബാധ റിപ്പോർട്ട് ചെയ്തത്. എന്നാൽ ഷിഗെല്ല വ്യാപനം സംസ്ഥാനത്ത് നിയന്ത്രണ വിധേയമാണെന്നും ഇന്നലെ മരണം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ആരോഗ്യമന്ത്രി അറിയിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് കാര്യക്ഷമമായി തുടരുന്നുവെന്നും അദ്ദേഹം പറഞ്ഞു .

**********************************************

## നീറ്റ് യുജി - പുനഃപരീക്ഷ

നാളെ നടക്കാനിരിക്കുന്ന നീറ്റ് യുജി 2026 പുനഃപരീക്ഷയുടെ സുഗമവും നീതിയുക്തവുമായ നടത്തിപ്പിന് പൂർണ്ണ സജ്ജമാണെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു.

PNUTVPM

ഇന്ത്യയിലെ 551 നഗരങ്ങളിലും വിദേശത്തുള്ള 14 നഗരങ്ങളിലുമായി 22.79 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾ ക്കായാണ് പരീക്ഷ. ന്യായവും സുതാര്യവുമായ പരീക്ഷ ഉറപ്പാക്കാൻ കർശന സുരക്ഷാ ഏർപ്പെടുത്തിയിട്ടുണ്ടെന്നും എൻടിഎ അറിയിച്ചു. അതേസമയം, നീറ്റ്-യുജി പരീക്ഷയ്ക്ക് മുന്നോടിയായി ടെലിഗ്രാം ആപ്പിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ താൽക്കാലിക വിലക്ക് ഡൽഹി ഹൈക്കോടതി ശരിവച്ചു.

*****************************************

## അന്താരാഷ്ട്ര യോഗാ ദിനം

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. മധ്യപ്രദേശിലെ ജബൽപൂരിൽ നടക്കുന്ന ദിനാചരണ പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. കൊൽക്കത്തയിൽ നാളെ നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം.

RNUTVPM

*****************************************

## യോഗ ദിനം പാങ്ങോട് മിലിട്ടറി സ്റ്റേഷൻ

തിരുവനന്തപുരം പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു. പാങ്ങോട് മിലിട്ടറി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായ, മിലിട്ടറി സ്റ്റേഷനിലെ കമാൻഡർമാർ, സൈനികർ അവരുടെ കുടുംബാംഗങ്ങൾ തുടങ്ങിയവർ കൊളച്ചൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച യോഗാഭ്യാസങ്ങളിൽ പങ്കെടുത്തു.

*****************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************************

## സെൻസസ്

സംസ്ഥാനത്ത് സെൻസസ് 2027 ൻറെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷന് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം. ഹിന്ദി, ഇംഗ്ലീഷ് കൂടാതെ പതിനാല് ഇന്ത്യൻ ഭാഷകളിൽ ഈ സൗകര്യം ലഭ്യമാണ് . വിവരങ്ങൾ സമർപ്പിച്ചുകഴിയുമ്പോൾ ഒരു എസ് ഇ ഐഡി ലഭിക്കും . പോർട്ടലിൽ നൽകിയ വസ്തുതകൾ ഉറപ്പാക്കാൻ എന്യുമറേറ്റർ വീട്ടിലെത്തുമ്പോൾ ഈ ഐ ഡി നിർബന്ധമായും കാണിക്കണം. വീടിന്റെ പ്രമാണരേഖകൾ സമർപ്പിക്കേണ്ടതില്ല .

RNU TVPM

****************************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ എട്ട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള, -ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റന്നാളും കർണാടക തീരത്ത് നാളെ മുതൽ ചൊവ്വാഴ്ചവരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

****************************************

## കൊട്ടിയൂർ (ഇൻട്രോ)

പ്രസിദ്ധമായ കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവം ബുധനാഴ്ച സമാപിക്കും. സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ ഇന്ന് ഉച്ചശീവേലി വരെയാണ് പ്രവേശനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

***********************************************

## പത്മ പുരസ്കാരം

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കെ. ടി. തോമസിന് പദ്മവിഭൂഷണും, നടൻ മമ്മൂട്ടിക്ക് പദ്മഭൂഷണും സമ്മാനിക്കും.

RNU TVPM

***********************************************

## ഫിഫ ലോകകപ്പ് (ഇൻട്രോ)

ഇത്തവണത്തെ ലോകകപ്പ് ഫുട്ബോളിൽ ഏറ്റവും വേഗതയേറിയ ഗോളുമായി മൊറോക്കോക്ക് ആദ്യ ജയം. സ്കോട്ലൻറിനെയാണ് പരാജയപ്പെടുത്തിയത്. മറ്റൊരു മത്സരത്തിൽ ഏകപക്ഷീയമായ മൂന്നു ഗോളുകൾക്ക് ബ്രസീൽ ഹെയ്തിയെ പരാജയപ്പെടുത്തി. ഈ ജയത്തോടെ രണ്ടു മത്സരങ്ങളിൽ നിന്ന് ഒരു ജയവും ഒരു സമനിലയുമായി നാലു പോയിന്റോടെ ബ്രസീൽ ഗ്രൂപ് സി യിൽ ഒന്നാമതെത്തി. മറ്റൊരു മത്സരത്തിൽ പരാഗ്വെ തുർക്കിയെ പരാജയപ്പെടുത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു.........

(വോയിസ്....)

*************************************

## ക്രിക്കറ്റ്

ഇന്ത്യ-അഫ്ഗാനിസ്ഥാൻ ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന് ഉച്ചയ്ക്ക് 1:30 ന് ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ നടക്കും. ആതിഥേരായ ഇന്ത്യ ഇതിനോടകം 2-0 ന് പരമ്പര ഉറപ്പിച്ചു.

*************************************

## സ്വച്ഛത പഖ്വാഡ

സ്വച്ഛ് ഭാരത് ദൗത്യം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളിലും വകുപ്പുകളിലും ശുചിത്വ കാമ്പെയ്നായ സ്വച്ഛ്ത പഖ്വാഡ ആചരിക്കുന്നു. ബഹുജന ശുചിത്വ പരിപാടികൾ, സ്വച്ഛ്ത പ്രതിജ്ഞകൾ, അവബോധ മത്സരങ്ങൾ തുടങ്ങിയവ ഇതിൻറെ ഭാഗമായി സംഘടിപ്പിക്കുന്നു.

RNU TVPM

*************************************

## ഗവണ്മെന്റ് - 12 വർഷം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യ ശ്രദ്ധേയമായ പരിവർത്തനത്തിന് വിധേയമായ 12 വർഷങ്ങളാണ് കടന്നുപോയത്. ഈ കാലയളവിൽ, ദരിദ്രർ, കർഷകർ, സ്ത്രീകൾ, യുവാക്കൾ എന്നിവരുടെ ക്ഷേമത്തിനുംശാക്തീകരണത്തിനുമായി മോദി സർക്കാർ നിരവധി മുൻനിര പദ്ധതികളാണ് നടപ്പിലാക്കിയത്. സെമികണ്ടക്ടർ അധിഷ്ഠിത വികസനവും ബഹിരാകാശ സ്റ്റാർട്ടപ്പുകളുടെ വളർച്ചയും ശാക്തീകൃത

ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് സ്തംഭങ്ങളായി വിലയിരുത്താം.

## അഭയാർത്ഥി ദിനം

ലോകത്താകമാനമുള്ള അഭയാർത്ഥികളുടെ ജീവിതത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനുമായി ഇന്ന് ലോക അഭയാർത്ഥി ദിനം. 2001 മുതലാണ് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ഈ ദിനം ആചരിച്ചു തുടങ്ങിയത്. **എല്ലാവരും സുരക്ഷിതരാകുന്നതുവരെ** എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM